സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ

229 (3665) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ വികസനത്തിന് ഒരു കോടി പദ്ധതി (സ്വയം പര്യാപ്ത ഗ്രാമം) പ്രകാരം ഏതെല്ലാം ഏജൻസികളെയാണ് നിർമ്മാണം ഏൽപ്പി ച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഓരോ ഏജൻസിക്കും എത്ര കോളനികൾ വീതം നൽകിയെന്നുള്ള വിവരം നൽകാമോ ;

(സി) ഇവയുടെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചുവടെ ചേർത്തിരിക്കുന്ന സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്ന ഏജൻസികളെയാണ് പദ്ധതികൾ നടപ്പിലാക്കാൻ ഏൽപ്പിച്ചിട്ടുള്ളത്:

1. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം
2. ജില്ലാ നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
3. ജില്ലാ നിർമ്മിതി കേന്ദ്രം, പത്തനംതിട്ട
4. ജില്ലാ നിർമ്മിതി കേന്ദ്രം, കോട്ടയം
5. ജില്ലാ നിർമ്മിതി കേന്ദ്രം, തൃശ്ശൂർ
6. ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്
7. ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം
8. ജില്ലാ നിർമ്മിതി കേന്ദ്രം, കാസർഗോഡ്
9. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO)
10. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ് (KITCO)
11. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

LIBRARY ARCHIVES Kerala Legislative Assembly

12. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ.

13. പി.ഡബ്ല്യു.ഡി. & വാട്ടർ അതോറിറ്റി.

14. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

15. കേരള സ്റ്റാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

16. കേരള സ്റ്റാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ , കോഴിക്കോട്

17. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

(ബി) അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചുവരുന്നു.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

230 (3666) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14-ലെ പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമപദ്ധതി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ഉണ്ട്. ശേഖരിച്ചു നൽകുന്നതാണ്.

ദേശീയ മനുഷ്യാവകാശ കമ്മീഷന് പട്ടികജാതി വിഭാഗങ്ങൾ നൽകിയ പരാതികൾ

231 (3667) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനത്തു നടത്തിയ സിറ്റിംഗിൽ പട്ടികജാതി വിഭാഗങ്ങൾ നൽകിയ എത്ര പരാതികൾ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly